# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4860 14/11/2019-ൽ മറുപടിയ്ക്ക്

## സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;<br><br>(ബി) സർക്കാർ സ്കൂളുകളുടെ ശാക്തീകരണത്തിന് പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണം ഒരു പ്രധാന ഘടകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) & (ബി) 1) 2014-ൽ തയ്യാറാക്കിയ പ്രീ സ്കൂൾ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പ്രീ സ്കൂൾ അധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിൽ പ്രവർത്തന പുസ്തകം, 3+, 4+ പ്രായക്കാരായ കുട്ടികൾക്കായി പ്രവർത്തന കാർഡുകൾ - കളിത്തോണി, അധ്യാപകർക്കായി വിനിമയ സഹായി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കളിത്തോണി ഒന്നും രണ്ടും ഭാഗം തയ്യാറാക്കി വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. അതിൽ ഒന്നാം ഭാഗം അച്ചടിച്ച് സ്കൂളുകളിൽ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഭാഗം തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്.<br>2) സർക്കാർ, സർക്കാർ അംഗീകൃത സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രീ സ്കൂൾ അധ്യാപകർക്കായി 2017-2018 അധ്യയന വർഷത്തിൽ 'പ്രശിക്ഷാ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ പരിശീലനം നൽകി.<br>3) 2018 - 2019 അധ്യയന വർഷത്തിൽ മുഴുവൻ സർക്കാർ, സർക്കാർ അംഗീകൃത പ്രീ സ്കൂളുകളിലെ അധ്യാപകർക്കും പരിശീലനം നൽകി.<br>4) ഈ അധ്യയന വർഷവും പരിശീലനം നൽകുന്നതിനായി പ്രീ സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം നൽകി. തുടർ പരിശീലനങ്ങൾ വരും മാസങ്ങളിൽ നൽകുന്നതാണ്. |

5) പ്രീ സ്കൂൾ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനായി ദേശീയ സെമിനാർ എസ്.സി.ഇ.ആർ.ടി. നേതൃത്വത്തിൽ ബഹു.മുഖ്യമന്ത്രി, ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രി, ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്നു.

6) പ്രീ സ്കൂൾ നയരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു.

7) പ്രീ സ്കൂളുകളുടെ അക്കാദമിക നവീകരണത്തിനായി സമഗ്രശിക്ഷാ കേരള പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഓണറേറിയം നൽകുന്ന 414 പ്രീ സ്കൂൾ കേന്ദ്രങ്ങൾക്ക് ആക്ടിവിറ്റി കോർണറുകൾ സജ്ജമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശാസ്ത്രമൂല, വായനമൂല, പാവമൂല തുടങ്ങി കരിക്കുലം വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനമൂലകൾ സജ്ജീകരിക്കാനും ഇവ പ്രയോജനപ്പെടുത്തുന്നതിന് അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് പിന്തുണാ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതിയും പ്രീസ്കൂളുകളുടെ ശാക്തീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പുതിയ സർക്കാർ പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

Reena

സെക്ഷൻ ഓഫീസർ